പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 293 — 29.1.2014-ന് മറുപടിക്ക്

ശുചിത്വമിഷന്റെ ബയോഗ്യാസ് പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>,, എ. എ. അസീസ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ശുചിത്വമിഷൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് ; | എ) മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ട പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനാണ് ശുചിത്വ മിഷൻ ലക്ഷ്യമിടുന്നത്. ഗ്രാമപ്രദേശളിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടി നടപ്പിലാക്കി വന്നിരുന്ന കേരള ടോട്ടൽ സാനിട്ടേഷൻ ആന്റ് ഹെൽത്ത് മിഷനും സംസ്ഥാന സർക്കാരിന്റെ ഖരമാലിന്യ പരിപാലന പരിപാടികൾക്ക് നേതൃത്വം നൽകിവന്നിരുന്ന ഏജൻസിയായ ക്ലീൻ കേരള മിഷനും സംയോജിപ്പിച്ചു കൊണ്ട് 2008-ൽ രൂപീകരിച്ച ശുചിത്വ മിഷൻ ശുചിത്വ അനുശീലങ്ങളായ മനുഷ്യ വിസർജ്ജ്യ നിർമ്മാർജ്ജനം, ഖര-ദ്രവ മാലിന്യ പരിപാലനം, കുടിവെള്ള ശുചിത്വ വ്യക്തിഗത - സാമൂഹ്യ - സ്ഥാപന ശുചിത്വം, പരിസര ശുചിത്വം എന്നിവയിൽ പൂർണ്ണ നേട്ടം കൈവരിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെയാണ് പ്രവർത്തിച്ചുവരുന്നത്. |
| ബി) ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ ബയോഗ്യാസ്പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ ? | ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്ക്കരണത്തിലേക്കായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി അർഹമായ സാമ്പത്തിക സഹായവും ശുചിത്വ മിഷനിൽ നിന്നും നൽകിവരുന്നു. ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% സർക്കാർ സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം 25% വും ചേർത്ത് ആകെ 75% സബ്സിഡി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ